# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ 2073

11.06.2018 ൽ മറുപടിക്ക്

### പോലീസിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയ്ക്ക് പോലീസ് മേധാവിക്കെതിരെ നടപടി

**ചോദ്യം:**

**ശ്രീ. പി.ടി.തോമസ്**

**ശ്രീ. ഷാഫി പറമ്പിൽ**

**ശ്രീ. വി.പി.സജീന്ദ്രൻ**

**ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ**

**ഉത്തരം :**

**പിണറായി വിജയൻ**

**മുഖ്യമന്ത്രി**

**(എ)** മുൻ ഡി.ജി.പി. ശ്രീ.റ്റി.പി.സെൻകുമാറിനെ പോലീസ് മേധാവി സ്ഥാനത്ത് നിന്ന് മാറ്റുന്നതിന് കാരണമായ വസ്തുതകൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

**(എ)** 2011-ലെ കേരള പോലീസ് ആക്ടിലെ വകുപ്പ് 97(2) (e) പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചാണ് ശ്രീ.ടി.പി.സെൻകുമാറിനെ സംസ്ഥാന പോലീസ് മേധാവി സ്ഥാനത്തുനിന്ന് മാറ്റിയത്.

**(ബി)** ജിഷ കേസ്, പുറ്റിങ്ങൽ വെടിക്കെട്ടപകടം എന്നീ കേസുകളിൽ പോലീസിനുണ്ടായതായി പറയപ്പെടുന്ന വീഴ്ചയുടെ ഉത്തരവാദിത്വം സംസ്ഥാന പോലീസ് മേധാവിക്കാണെന്ന് സർക്കാർ നിലപാട് എടുത്തിരുന്നുവോ;

**(ബി)** ഈ രണ്ട് കേസുകളിൽ പോലീസിനുണ്ടായ വീഴ്ചയുടെ ഉത്തരവാദിത്തം നേരിട്ട് സംസ്ഥാന പോലീസ് മേധാവിയ്ക്ക് ഉണ്ട് എന്ന നിലപാട് സർക്കാർ എടുത്തിരുന്നില്ല. എന്നാൽ പോലീസിന്റെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ വിഴ്ചകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് പകരം അവരെ സംരക്ഷിക്കുന്നതിനുവേണ്ടി സർക്കാർ നിർദ്ദേശം പോലും അവഗണിച്ചുകൊണ്ട് നിലപാട് സ്വീകരിച്ചു. പുറ്റിങ്ങൽ ദേവീക്ഷേത്രത്തിലെ വെടിക്കെട്ടപകടത്തിൽ പോലീസിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചകൾ സമ്മതിക്കാതെ ജില്ലാ ഭരണകൂടത്തിന്റെയും മറ്റ് വകുപ്പുകളുടെയും പേരിൽ പ്രത്യാരോപണം നടത്തി എന്നീ വീഴ്ചകൾ മുൻ സംസ്ഥാന പോലീസ് മേധാവി ശ്രീ.ടി.പി.സെൻകുമാർ ഐ.പി.എസിന്റെ ഭാഗത്ത് നിന്നുണ്ടായി എന്ന നിലപാട് സർക്കാർ എടുത്തിരുന്നു.

(സി) എങ്കിൽ, നിരപരാധിയായ വരാപ്പുഴയിലെ ശ്രീജിത്തിനെ പോലീസ് അർദ്ധരാത്രി വീട്ടിൽ നിന്ന് പിടിച്ചു കൊണ്ടുപോയി ചവിട്ടി കൊന്ന കേസിലും കെവിൻ പി ജോസഫ് എന്ന യുവാവിനെ ദുരഭിമാനത്തിന്റെ പേരിൽ കൊലപ്പെടുത്തിയ കേസിലും മാഹിയിലെ ഇരട്ട കൊലപാതക കേസിലും പോലീസിന്റെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ വീഴ്ചയ്ക്ക് സംസ്ഥാന പോലീസ് മേധാവിക്ക് ഉത്തരവാദിത്വമുണ്ടായിരിക്കെ അദ്ദേഹത്തിനെതിരെ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്നു വെളിപ്പെടുത്താമോ?

(സി) മൂന്ന് കേസുകളും നിലവിൽ പോലീസ് അന്വേഷിച്ച് വരികയാണ്. വീഴ്ചയുണ്ടായതായി പ്രാഥമികാന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ള പോലീസുദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ നിയമ നടപടികളും, വകുപ്പുതല നടപടികളും ആരംഭിച്ചിട്ടുണ്ട്. വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്നതിനോ അവർക്കെതിരെയുള്ള നടപടികൾ ഒഴിവാക്കുന്നതിനോ ഇപ്പോഴത്തെ സംസ്ഥാന പോലീസ് മേധാവി ശ്രമിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ